## 15 -ാം കേരള നിയമസഭ

## 12 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2587** **15-10-2024 - ൽ മറുപടിയ്ക്ക്**

### ദേവസ്വം ബോർഡ് ഹൈസ്കൂൾ കെട്ടിടത്തിലെ താത്കാലിക അഗ്നിരക്ഷാ നിലയത്തിന് തുടർ പ്രവർത്തനാനുമതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | എരുമേലിയിൽ അനുവദിക്കപ്പെട്ടിട്ടുള്ള അഗ്നിരക്ഷാ നിലയം സ്ഥാപിക്കുന്നതിനുള്ള നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (എ) | സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 159 /2015 തീയതി 31-07-2015 പ്രകാരം തസ്തിക സൃഷ്ടിച്ച് ഭരണാനുമതി നൽകിയ എരുമേലി ഫയർ സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്നതിന് എരുമേലി ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ അഞ്ചാം വാർഡിൽ എരുമേലി തെക്കേ വില്ലേജിൽ സർവ്വേ നം.184/1, 185/1-ൽപ്പെട്ട 6.72 ആർ (16.598 സെന്റ്) സ്ഥലം സൗജന്യമായി വിട്ട് നൽകാമെന്ന് എരുമേലി ഗ്രാമപഞ്ചായത്ത് അറിയിക്കുകയുണ്ടായതായും പ്രസ്തുത സ്ഥലം ഫയർ & റെസ്ക്യൂ വിഭാഗം പരിശോധിച്ച് അനുയോജ്യമാണെന്നുള്ള സാക്ഷ്യപത്രം എരുമേലി ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയിട്ടുണ്ടെന്നും ടി സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിനായി ഭൂമി താലൂക്ക് സർവ്വേയർ അളന്ന് തിട്ടപ്പെടുത്തി കല്ലിട്ട് തിരിച്ചിട്ടുള്ളതും, സർവ്വേയറുടെ റിപ്പോർട്ടും, സ്കെച്ചും, മറ്റ് രേഖകളും സഹിതം പ്രസ്തുത സ്ഥലം ഫയർ & റെസ്ക്യൂ വിഭാഗത്തിന് കൈമാറുന്ന നടപടി സ്വീകരിക്കുന്നതിനായി 13.07.2023-ൽ എരുമേലി ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഉചിതമാർഗ്ഗം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയ്ക്ക് സമർപ്പിച്ചിട്ടുണ്ടെന്നും ഫയർ & റെസ്ക്യൂ ഡയറക്ടർ ജനറൽ അറിയിച്ചിട്ടുണ്ട്. |
| (ബി) | എരുമേലിയിലെ അഗ്നിരക്ഷാ നിലയം പ്രവർത്തനം ആരംഭിക്കും വരെ ശബരിമല തീർത്ഥാടനകാലയളവിൽ എരുമേലി ദേവസ്വം ബോർഡ് ഹൈസ്കൂൾ കെട്ടിടത്തിൽ താൽക്കാലികമായി പ്രവർത്തിക്കുന്ന അഗ്നിരക്ഷാ നിലയം തുടർന്ന് പ്രവർത്തിക്കുന്നതിന് ദേവസ്വം ബോർഡിന്റെ അനുമതി നൽകുന്നതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ? | (ബി) | സ്കൂൾ കെട്ടിടങ്ങൾ മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കാൻ പാടില്ല എന്ന സർക്കാർ ഉത്തരവ്/ ചട്ടങ്ങൾ നിലവിലുള്ള സാഹചര്യത്തിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധീനതയിലുള്ള എരുമേലി ഡി.ബി.എച്ച്.എസ്-ൽ അഗ്നിരക്ഷാ നിലയം പ്രവർത്തിക്കുന്നതിന് അനുമതി നൽകാൻ നിർവ്വാഹമില്ല എന്ന വിവരം തിരുവിതാംകൂർ ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്. എന്നാൽ നിലവിൽ ശബരിമല തീർത്ഥാടന കാലയളവിൽ മാത്രം എരുമേലി ദേവസ്വം ബോർഡ് ഹൈസ്കൂളിൽ |

| | | | |
|---|---|---|---|
| | | | താല്ക്കാലിക അഗ്നി രക്ഷാ പ്രവർത്തനങ്ങൾ നടന്നു വരുന്നതായും ബോർഡ് അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ